LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 16-9-1985-ലെ ജി. ഒ. (പി.) 515/85/ധന. നമ്പർ ഉത്തരവിലെ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശമ്പള പരിഷ്കരണം ബാധകമായ എല്ലാ വകുപ്പുകൾക്കും ബാധകമായിരുന്നു. ഈ മാനദണ്ഡങ്ങൾ ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിവരം വകുപ്പുമേധാവികളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) താഴ്ന്ന തസ്തികയിൽനിന്നും സൂപ്പർവൈസറി തസ്തികയിലേയ്ക്ക് സമയബന്ധിത ഹയർഗ്രേഡ് ലഭിക്കാതെ നേരിട്ട് ഉദ്യോഗക്കയറ്റം ലഭിക്കുന്നവരുടെ ശമ്പളം കെ.എസ്.ആർ. ഭാഗം I ചട്ടം 28 എ പ്രകാരം നിർണ്ണയിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് രണ്ട് ഇൻക്രിമെന്റുകളുടെയും താഴ്ന്ന തസ്തികയിൽ ലഭിച്ചിരുന്ന ശമ്പളം വളരെ താഴ്ന്നതാണെങ്കിൽ രണ്ടിൽ കൂടുതൽ ഇൻക്രിമെന്റുകളുടെയും ബാധ്യതയുണ്ടാകാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) 16-9-1985-ലെ ജി. ഒ. (പി.) നമ്പർ 515/85/ധന. ഉത്തരവ് ബാധകമായ എല്ലാ വകുപ്പുകൾക്കും ബാധകമാണ്.

**ക്ഷേമ സംഘടനകളുടെ മേൽനോട്ട നിയന്ത്രണം**

32 (3131) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധ/വികലാംഗ/സ്ത്രീകൾ/കുട്ടികൾ തുടങ്ങി ഒന്നേകാൽ ലക്ഷത്തോളം പേർ താമസിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങളുടെ മേൽനോട്ട നിയന്ത്രണത്തിന് ജില്ലാടിസ്ഥാനത്തിൽ ഓഫീസർ ഓഫ് ദി ബോർഡും അനുബന്ധ ജീവനക്കാരും ഇല്ലാത്തത് പരിഹരിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ആക്ട് പ്രകാരം ഓഫീസർ ഓഫ് ദി ബോർഡ് എന്നുകൂടി ഡെസിഗ്നേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതി തീരുമാനമെടുത്തിരുന്നുവോ;

(ബി) എങ്കിൽ, കാലതാമസം കൂടാതെ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങളുടെ മേൽനോട്ട നിയന്ത്രണത്തിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ഓഫീസർ ഓഫ് ദി ബോർഡായി ഡെസിഗ്നേറ്റ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല അവലോകന സമിതി യോഗം തീരുമാനിച്ചിരുന്നു. മേൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ (10046/സി1/14/സാ.നീ.വ. ഫയലിൽ) നടപടി സ്വീകരിച്ചുവരുന്നു.

## മലപ്പുറത്തെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ്

33 (3132) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ റാങ്ക് ലിസ്റ്റ് പ്രകാരമുള്ള നിയമന നില വിശദമാക്കാമോ;

(ബി) ഈ തസ്തികയിലേക്ക് അവസാനമായി എത്ര ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്. 22-1-2014-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്നും 18-1-2016 വരെ 91 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ അവസാനമായി മൂന്ന് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും അവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 21-1-2017-ൽ അവസാനിക്കും.

## 2016-ൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. ലിസ്റ്റുകൾ

34 (3133) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-1-2016-ൽ കാലാവധി അവസാനിക്കുന്ന ഏതെല്ലാം തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര വീതം നിയമനങ്ങൾ നടത്തുകയുണ്ടായി; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആകെ എണ്ണം എത്ര; ഇതേ കാലയളവിൽ വിവിധ വകുപ്പുകളിൽ നിന്നാകെ പി.എസ്.സി.യെ അറിയിച്ച ഒഴിവുകളുടെ എണ്ണമെത്ര; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly